# എ.കെ.ജി.സി.ടി.
# സംസ്ഥാന പ്രവർത്തകസമിതി (അവൈലബിൾ) യോഗം,
# 04-10-2018 എ.കെ.ജി.സി.ടി.ഭവൻ.
# മിനട്സ്.

**അജണ്ട:**

1. റിപ്പോർട്ട്
2. സെനറ്റ് ഇലക്ഷൻ
3. സംസ്ഥാന വൈസ് പ്രസിഡന്റിന്റെ ചുമതല
4. സാലറി ചലഞ്ച് രണ്ടാംഘട്ട പ്രചാരണം
5. മറ്റുവിഷയങ്ങൾ

സംസ്ഥാന പ്രസിഡന്റ് ഡോ.എൻ.മനോജിന്റെ അദ്ധ്യക്ഷതയിൽ വൈകിട്ട് 5 മണിക്ക് യോഗം ആരംഭിച്ചു

**ഹാജർ:** ഡോ.എൻ.മനോജ്, ഡോ.കെ.കെ.ദാമോദരൻ, ഡോ.സുനിൽ വി.ടി., ഡോ.ആർ.സുരേഷ് കുമാർ, ജയ്‌രാജ് ജെ., ഡോ.രാജേഷ്കുമാർ പി., പ്രീത പ്രഭാസൻ, ഡോ.ഗ്രേഷ്യസ് ജെയിംസ്.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്:** കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്രിൻസിപ്പൽ മണ്ഡലത്തിലേക്കും കേരള യൂണിവേഴ്സിറ്റി അധ്യാപക, പ്രിൻസിപ്പൽ മണ്ഡലത്തിലേക്കും സെനറ്റ് ഇലക്ഷൻ നടപടികൾ ആരംഭിച്ചിരിക്കുന്നു. ഈ മണ്ഡലത്തിലേക്ക് അനുയോജ്യമായ സ്ഥാനാർഥികളെ തീരുമാനിക്കേണ്ടതുണ്ട്. എ.കെ.ജി.സി.ടി. സംസ്ഥാന വൈസ് പ്രസിഡന്റായിരുന്ന ഡോ.എസ്.എസ്.വിവേകാനന്ദൻ ഹയർ സെക്കണ്ടറി ജോയിന്റ് ഡയറക്ടറായി വിടുതൽ വാങ്ങിയ സാഹചര്യത്തിൽ വൈസ് പ്രസിഡന്റിന്റെ ചുമതല മറ്റൊരാൾക്ക് നൽകേണ്ടതുണ്ട്. സാലറി ചലഞ്ചിൽ നമ്മുടെ മേഖലയിൽ ഇനിയും പുരോഗതി കൈവരിക്കേണ്ടതുണ്ട്. അതിനുവേണ്ട പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യണം.

**തീരുമാനങ്ങൾ:**

1. കോഴിക്കോട് സെനറ്റ് പ്രിൻസിപ്പൽ മണ്ഡലത്തിൽ നിന്നും ഡോ. സി.സി.ബാബു, ഡോ.എസ്.ജയശ്രീ. ഡോ.പി.ഹരിദാസൻ എന്നിവരെ മത്സരിപ്പിക്കാനും ഇലക്ഷന് നേതൃത്വം നൽകാൻ ഡോ.ഗീത നമ്പ്യാർ (ചെയർപേഴ്സൺ) ഡോ. എം.സത്യൻ-കോഴിക്കോട്-(കൺവീനർ), കോഴിക്കോട് മേഖലയിലെ പ്രവർത്തകസമിതി അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിച്ചു.
2. കേരള യൂണിവേഴ്സിറ്റി സെനറ്റിലേക്ക് അദ്ധ്യാപക മണ്ഡലത്തിൽ നിന്നും ഡോ. സബിൻ എം.(ഗവ.കോളേജ് കാര്യവട്ടം) ഡോ. ജെ.ജയരാജ്,(ഗവ.കോളേജ് ആറ്റിങ്ങൾ) ഡോ. വി.എസ്. വിഷ്ണു (ഗവ. ആർട്സ് കോളേജ് തിരുവനന്തപുരം) ഡോ.എ.ബാലകൃഷ്ണൻ,(യൂണിവേഴ്സിറ്റി കോളേജ്) ഡോ. സുമ.എസ്. (വനിത കോളേജ് തിരുവനന്തപുരം) എന്നിവരെ മത്സരിപ്പിക്കും
3. കേരള യൂണിവേഴ്സിറ്റി സെനറ്റിലേക്ക് പ്രിൻസിപ്പൽ മണ്ഡലത്തിൽ നിന്നും ഡോ. ബി.ഉണ്ണികൃഷ്ണൻ നായർ, ഡോ. ജി.എസ്.താര. ഡോ.വി. ഗോപകുമാർ. എന്നിവരെ മത്സരിപ്പിക്കാൻ തീരുമാനിച്ചു.

4. കേരള യൂണിവേഴ്സിറ്റി സെനറ്റ് തെരെഞ്ഞെടുപ്പിന് നേതൃത്വം നൽകാൻ സംസ്ഥാന പ്രസിഡന്റ് ചെയർമാനും സംസ്ഥാന സെക്രട്ടറി കൺവീനറും മേഖലയിലെ പ്രവർത്തകസമിതി അംഗങ്ങൾ അംഗങ്ങളുമായി കമ്മിറ്റി രൂപീകരിച്ചു.
5. വൈസ് പ്രസിഡണ്ട് ഡോ.എസ്.എസ്. വിവേകാനന്ദൻ ഹയർസെക്കണ്ടറി ജോയിന്റ് ഡയറക്ടർ ആയി വിടുതൽ വാങ്ങിയ സാഹചര്യത്തിൽ പ്രവർത്തക സമിതി അംഗം ഡോ. വി.ടി.സുനിൽ വൈസ് പ്രസിഡണ്ടിന്റെ ചുമതല നിർവഹിക്കും.
6. സാലറി ചലഞ്ചിന്റെ രണ്ടാംഘട്ട പ്രചരണപ്രവർത്തനങ്ങൾ യൂണിറ്റ് തലത്തിൽ ഒക്ടോബർ 15, 16, 17 തീയതികളിൽ നടത്താനും അതിന്റെ ചുമതലകൾ താഴെപറയും പ്രകാരം നൽകാനും തീരുമാനിച്ചു

- തിരുവനന്തപുരം — ഡോ.സുനിൽ.വി.ടി., ഡോ.രാജേഷ്കുമാർ പി., ഡോ.ഗ്രേഷ്യസ് ജെയിംസ്, ഡോ സുരേഷ്കുമാർ,സൗമ്യ.എസ്.
- കൊല്ലം — ഡോ.പ്രീത പ്രഭാസൻ
- കോട്ടയം — ഡോ.വിനുഭാസ്കർ
- ഇടുക്കി — ഡോ.ആർ.പ്രഗാഷ്
- എറണാകുളം — ഡോ.ബി.കേരളവർമ്മ
- തൃശ്ശൂർ — സന്തോഷ് ടി. വർഗീസ്
- മലപ്പുറം — ഡോ.മുഹമ്മദ് റഫീക്.കെ
- പാലക്കാട് — ഡോ.എം.സത്യൻ (പട്ടാമ്പി)
- കോഴിക്കോട് — ഡോ.എം.സത്യൻ (കോഴിക്കോട്)
- വയനാട് — ഡോ.ഗീത നമ്പ്യാർ
- കണ്ണൂർ — ഡോ.കെ.ടി.ചന്ദ്രമോഹനൻ
- കാസർഗോഡ് — ഡോ.രാജു.എം.സി

യോഗം വൈകിട്ട് 6.30ന് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം — ഡോ.കെ.കെ.ദാമോദരൻ

04-10-2018 — ജനറൽ സെക്രട്ടറി